**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1174** **07-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിലെ റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് വികസന പ്രോജക്ടിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | പേട്ട - ആനയറ - ഒരുവാതിൽക്കോട്ട റോഡ് വികസനം എന്ന പ്രവൃത്തിക്ക് 133.60 കോടി രൂപയുടെ സാമ്പത്തികാനുമതി (101.18 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനും 32.42 കോടി രൂപ റോഡ് നിർമ്മാണ പ്രവൃത്തിക്കുമായി) നൽകിയിട്ടുണ്ട്. 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് കടകംപള്ളി വില്ലേജിലെ 1.88 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പുനരധിവാസ പുന:സ്ഥാപന പാക്കേജ് ഉൾപ്പെടെ ആവശ്യമായ 100.68 കോടി രൂപ 21.01.2021 - ന് കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ 19(1) വിജ്ഞാപനം 17.06.2021 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനു ശേഷം റോഡ് നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | പൊതുമരാമത്ത് വകുപ്പ് റോഡുകൾ മാതൃകാ റോഡ് നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഏതെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്മാർട്ട് സിറ്റി റോഡ് പദ്ധതി ഇത്തരത്തിലുള്ള ഒരു മാതൃകാ പദ്ധതിയാണ്. 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം നഗര പാത വികസന പദ്ധതി രണ്ടാം ഘട്ടത്തിന്റെ പദ്ധതി രൂപരേഖ പൊതുമരാമത്ത് ഡിസൈൻ വിഭാഗം വഴി തയ്യാറാക്കിവരുകയാണ്. |
| (സി) | തിരുവനന്തപുരം നഗര പരിധിയിൽ നഗരസഭ അധീനതയിലുള്ള പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുമോയെന്ന് അറിയിക്കാമോ; അപ്രകാരം ഏറ്റെടുക്കുന്നതിനുള്ള | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് നിലവിൽ ഏറ്റെടുക്കുന്നില്ല. |

| | | | |
|---|---|---|---|
| | മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ; | | |
| (ഡി) | കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തന പരിധി വിശദമാക്കാമോ; | (ഡി) | പി.പി.പി. മാതൃകയിലാണ് നഗര റോഡുകളുടെ പുനർ നിർമ്മാണവും അവയുടെ പരിപാലനവും കേരള റോഡ് ഫണ്ട് ബോർഡ് സ്വന്തം ഫണ്ട് വിനിയോഗിച്ച് നടത്തി വരുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികൾക്ക് സർക്കാർ നിർദ്ദേശ പ്രകാരം ഫണ്ട് നൽകി വരുന്നുണ്ട്. കിഫ്ബിയുടെ സാമ്പത്തിക സഹായത്താൽ നടത്തി വരുന്ന റോഡ്, പാലം നിർമ്മാണ പ്രവൃത്തികളുടെ എസ്.പി.വി.യായും പ്രവർത്തിച്ച് വരുന്നു. |
| (ഇ) | തിരുവനന്തപുരം നഗരത്തിലെ പ്രധാന നഗരസഭ റോഡുകൾ പൊതുമരാമത്ത് വകുപ്പോ, കെ. ആർ.എഫ്.ബി. യോ ഏറ്റെടുക്കുന്നതിന് ആലോചനയുണ്ടോ എന്ന് വിശദമാക്കാമോ; | (ഇ) | നഗരസഭ റോഡുകൾ നിലവിൽ പൊതുമരാമത്ത് വകുപ്പോ കെ.ആർ.എഫ്.ബി യോ ഏറ്റെടുക്കുന്നില്ല. |
| (എഫ്) | ശ്രീകാര്യം മേൽപ്പാലം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എഫ്) | നിർദ്ദിഷ്ഠ ലൈറ്റ് മെട്രോ പദ്ധതിയുടെ മുന്നോടിയായി കിഫ്ബിയുടെ ധനസഹായത്തോടെ കെ.ആർ.ടി.എൽ - നെ ശ്രീകാര്യം മേൽപ്പാല പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016 സെപ്റ്റംബർ മാസത്തിൽ പദ്ധതിക്ക് ഭരണാനുമതി നൽകുകയും തുടർന്ന് 2017 മെയ് മാസത്തിൽ കിഫ്ബി - യുടെ അനുമതി ലഭ്യമാകുകയും ചെയ്തു. പദ്ധതിക്കു വേണ്ടി സ്ഥലമെടുപ്പിനുള്ള അർത്ഥന (requisition) കെ.ആർ.ടി.എൽ 2017 ജൂലായ് - ൽ ജില്ലാകളക്ടർക്ക് സമർപ്പിച്ചു. തുടർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ഇവ നിലവിൽ അന്തിമ ഘട്ടത്തിൽ എത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ താമസിയാതെ പൂർത്തിയാകുമെന്ന് ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. വില നിർണ്ണയം പൂർത്തിയാക്കി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരത്തിന്റെ തോത് തീരുമാനിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ പരിശോധിക്കുന്ന പ്രക്രിയ നിലവിൽ നടന്നു വരികയാണ്. പദ്ധതിയുടെ വിശദമായ രൂപകല്പന പൂർത്തിയായിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ കെ.ആർ.ടി.എൽ സ്വീകരിച്ചു വരുന്നു. |
| (ജി) | പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി | (ജി) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ റോഡുകളും യഥാസമയം അറ്റകുറ്റപണികളും |

| | | | |
|---|---|---|---|
| | പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | നവീകരണവും നടത്തി ഗതാഗതയോഗ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നീ ഏജൻസികളുടെ പദ്ധതികളുമായി ബന്ധപ്പെട്ട പൈപ്പ്, കേബിൾ എന്നിവ ഇടുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തത് പൊതുമരാമത്ത് പണികളുടെ പുരോഗതിയിൽ കാലതാമസം വരുത്തുന്നുണ്ട്. ഇത് സംബന്ധിച്ച് മേൽപ്പറഞ്ഞ യൂട്ടിലിറ്റി ഏജൻസികളുമായി വിവിധ തലത്തിൽ ചർച്ചകൾ നടത്തുകയും പണികൾ വേഗത്തിൽ തീർക്കാനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ